പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1598 — 08-06-2018-ലെ മറുപടിയ്ക്ക്

**കാർഷിക മേഖലയിലെ നേട്ടങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 2015-16 കാലയളവിലെ നെൽ കൃഷി, കാർഷിക വിളകൾ, പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ നാണ്യവിളകൾ എന്നിവയുടെ വിസ്തൃതിയും ഉല്പാദനവും എത്രയായിരുന്ന്; വ്യക്തമാക്കാമോ | (എ) വിശദാംശങ്ങൾ അനുബന്ധമായി(1) ചേർത്തിരിക്കുന്നു |
| (ബി) ഈ സർക്കാർ കാലയളവിൽ 2016-17, 2017-18 വർഷങ്ങളിൽ ഇവയുടെ വിസ്തൃതിയും ഉല്പാദനവും എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ; | (ബി) 2016-17 വർഷത്തെ വിവരങ്ങൾ അനുബന്ധമായി (2) ചേർത്തിരിക്കുന്നു. 2017-18 വർഷത്തെ വിവരങ്ങൾ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (സി) കാർഷിക മേഖല വികസനവും ഉല്പാദനവും ലക്ഷ്യമാക്കി ഈ സർക്കാർ പ്രസ്തുത മേഖലയിൽ 2016-17, 2017-18 വർഷങ്ങളിൽ ചെയ്തുവരുന്ന പ്രവൃത്തികൾ എന്തെല്ലാം എന്നും ആയതിന് എത്ര തുക വകയിരുത്തി, എത്ര തുക ചെലവാക്കി, എത്ര തുകയുടെ കേന്ദ്രസഹായം ലഭ്യമായി എന്നും വ്യക്തമാക്കാമോ; | (സി) കാർഷിക മേഖലയിലെ വികസനവും ഉൽപാദനവും ലക്ഷ്യമാക്കി നെൽകൃഷി, കാർഷിക വിളകൾ, പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ, നാണ്യവിളകൾ എന്നീ മേഖലകളിൽ 2016-17, 2017-18 വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>I) <u>നെൽകൃഷി വികസനം</u>- സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തീർണ്ണവും ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് തരിശുനില കൃഷിക്കും ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കും ഊന്നൽനൽകി നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കുന്നു.ഈ |

പദ്ധതിക്കായി 2016-17 വർഷം 4368.07 ലക്ഷം രൂപ വകയിരുത്തിയതിൽ 4331.61 ലക്ഷം രൂപയും 2017-18 വർഷം 7000.00 ലക്ഷം രൂപ വകയിരുത്തിയതിൽ 6394.48 ലക്ഷം രൂപയും ചെലവഴിച്ചു

ii)പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ കൃഷി വികസനം-ചെറുധാന്യങ്ങൾ, കരിമ്പ്, എണ്ണക്കുരുക്കളായ കപ്പലണ്ടി, മുതലായവ സാദ്ധ്യതാ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിട്ടു. 2017-18 വർഷം 330.00 ലക്ഷം രൂപ വകയിരുത്തിയതിൽ 243.23 ലക്ഷം രൂപ ചെലവഴിച്ചു.

iii)പച്ചക്കറിവികസനം- നമ്മുടെ സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ആഭ്യന്തരമായി ഉൽപാദിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിക്കായി 2016-17 വർഷം 7160.38 ലക്ഷം രൂപ വകയിരുത്തിയതിൽ 6273.39 ലക്ഷം രൂപയും 2017-18 വർഷം 7904.10 ലക്ഷം രൂപ വകയിരുത്തിയതിൽ 7719.67 ലക്ഷം രൂപയും ചെലവഴിച്ചു.

iv)കിഴങ്ങുവർഗ്ഗങ്ങളുടേയും പയറു വർഗ്ഗങ്ങളുടേയും കൃഷി വികസനം-കിഴങ്ങുവർഗ്ഗ വിളകളുടെ വിസ്തൃതി വ്യാപനവും പയർവർഗ്ഗങ്ങൾ മൂന്നാംവിളയായി പാടശേഖരങ്ങളിലും പുരയിടങ്ങളിലും കൃഷി ചെയ്യുകയും വഴി ഈ വിളകളെ ഭക്ഷ്യസുരക്ഷയുടെ ഭാഗമാക്കുകയും കർഷകന് അധിക വരുമാനം നേടിക്കൊടുക്കുകയുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കായി 2017-18 വർഷം 200.00 ലക്ഷം രൂപ വകയിരുത്തിയതിൽ 194.30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

v) നാളികേര വികസനം- തെങ്ങിൻ തോട്ടങ്ങളുടെ സംയോജിത പരിപാലനത്തിനായി ഇടവിളകൃഷി, സമ്മിശ്രകൃഷി എന്നിവ നടപ്പിലാക്കി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരഗ്രാമം

പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിക്കായി 2016-17 വർഷം 3931.82 ലക്ഷം രൂപ വകയിരുത്തിയതിൽ 3803.91 ലക്ഷം രൂപയും 2017-18 വർഷം 4500.00 ലക്ഷം രൂപ വകയിരുത്തിയതിൽ 4128.68 ലക്ഷം രൂപയും ചെലവഴിച്ചു.

vi)സുഗന്ധവ്യഞ്ജന വികസനം-കുരുമുളക് കൃഷി വികസന പദ്ധതിയിൽ വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ, പുതിയ കുരുമുളക് തോട്ടങ്ങൾ നിലവിലുള്ള തോട്ടങ്ങളുടെ പുനരുജ്ജീവനം, ഇടുക്കി ജില്ലയിൽ സമഗ്ര കുരുമുളക് കൃഷി വികസനം എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ സുഗന്ധവിളകളുടെ ഇടവിളകൃഷിയും വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിക്കായി 2016-17 വർഷം 1000.00 ലക്ഷം രൂപ വകയിരുത്തി എന്നാൽ 1006.27 ലക്ഷം രൂപയും 2017-18 വർഷം 1000.00 ലക്ഷം രൂപ വകയിരുത്തിയതിൽ 993.67 ലക്ഷം രൂപയും ചെലവഴിച്ചു.

vii)റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് - പദ്ധതിയിതര ശീർഷകത്തിൽ 2016-17 വർഷത്തിൽ 50000.00 ലക്ഷം രൂപ വകയിരുത്തിയതിൽ മുഴുവൻ തുകയും ചെലവഴിച്ചു. 2017-18 വർഷത്തിൽ 50000.00 ലക്ഷം രൂപ വകയിരുത്തിയതിൽ 12500.00 ലക്ഷം രൂപയും ചെലവഴിച്ചു.

കൂടാതെ കാർഷിക മേഖല വികസനവും ഉല്പാദനവും ലക്ഷ്യമാക്കി 2016-17, 2017-18 വർഷങ്ങളിൽ ചുവടെ പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു. ടി പദ്ധതികൾക്ക് വകയിരുത്തിയ തുകയും, ചെലവാക്കിയ തുകയും ലഭ്യമായ കേന്ദ്രസഹായവും അനുബന്ധമായി(3) ചേർക്കുന്നു.

1. നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ (60% കേന്ദ്രാവിഷ്കൃതം)

2. പ്രാദേശിക നാളികേര നഴ്സറികളുടെ സ്ഥാപനം - സിഡിബി പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

2. എ. തെങ്ങ് പുന:രുദ്ധാരണവും പുന:ർനടീലും
2. ബി. നാളീകേര വിള ഇൻഷുറൻസ് പദ്ധതി (50% കേന്ദ്രാവിഷ്കൃതം)
3. കേന്ദ്ര ബയോഗ്യാസ് - ജൈവവള ഉല്പാദന പരിപാടി (100% കേന്ദ്രാവിഷ്കൃതം)
4. ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി (60% കേന്ദ്രാവിഷ്കൃതം)

എ. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (നെല്ല്)

ബി. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (പയർ)

സി. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (ചെറുധാന്യങ്ങൾ)

5. സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ (SMAE) (ആത്മ) - (60% കേന്ദ്രാവിഷ്കൃതം)
6. സബ് മിഷൻ ഓൺ സീഡ്സ് & പ്ലാന്റിംഗ് മറ്റീരിയൽ (SMSP) (60% കേന്ദ്രാവിഷ്കൃതം)
7. എണ്ണപ്പനയ്ക്കും എണ്ണക്കുരുക്കൾക്കും വേണ്ടിയുള്ള കേന്ദ്ര മിഷൻ പദ്ധതി (NMOOP)- മിനിമിഷൻ-II (60% കേന്ദ്രാവിഷ്കൃതം)
8. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) (60% കേന്ദ്രാവിഷ്കൃതം)
9. മണ്ണിന്റെ ആരോഗ്യ പരിപാലനം (SHM) (60% കേന്ദ്രാവിഷ്കൃതം)
10. സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്രാവിഷ്കൃതം)
11. രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) (60% കേന്ദ്രാവിഷ്കൃതം)
12. കാർഷിക യന്ത്രവല്ക്കരണം (SMAM) (60% കേന്ദ്രാവിഷ്കൃതം)
13. വൃഷ്ടി പ്രദേശ വികസനം (RAD) (60% കേന്ദ്രാവിഷ്കൃതം)
14. പരമ്പരാഗത കൃഷി വികാസ് യോജന (PKVY) (60% കേന്ദ്രാവിഷ്കൃതം)
15.ദേശീയ ഇ-ഗവേണൻസ് പദ്ധതി (60% കേന്ദ്രാവിഷ്കൃതം)
16. പ്രധാനമന്ത്രി ഫസൽ ഭീമാ യോജന (PMFBY) (60% കേന്ദ്രാവിഷ്കൃതം)

17. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (WBCIS) (60% കേന്ദ്രാവിഷ്കൃതം)
18. സബ്മിഷൻ ഓൺ അഗ്രോ ഫോറസ്റ്ററി (Submission on Agro forestry) (60% കേന്ദ്രാവിഷ്കൃതം)

(ഡി) ഇത്തരം പ്രവർത്തനങ്ങളിലൂടെ സംസ്ഥാന കാർഷിക മേഖല കൈവരിച്ച നേട്ടങ്ങൾ എന്ത് എന്നും വ്യക്തമാക്കാമോ ?

(ഡി) 2016-17, 2017-18 വർഷങ്ങളിൽ സംസ്ഥാന കാർഷിക മേഖല കൈവരിച്ച പ്രധാന നേട്ടങ്ങൾ താഴെ കൊടുക്കുന്നു.

നെൽകൃഷി വികസന പദ്ധതി പ്രകാരം 2016-17 ൽ 2743 ഹെക്ടറും, 2017-18 ൽ 2025.80 ഹെക്ടറും കരനെൽകൃഷി ചെയ്തു.

2016-17 ൽ 2782.38 ഹെക്ടറും, 2017-18 ൽ 5627.90 ഹെക്ടറും തരിശ് കൃഷി നടപ്പിലാക്കി.

2017-18 വർഷത്തിൽ 3136.06 ഹെക്ടറും ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയാക്കി മാറ്റി.

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് വളരെയേറെ പ്രവർത്തനങ്ങൾ നടപ്പിലാക്കി. പ്രധാന നേട്ടങ്ങൾ 2016-17 വർഷത്തിൽ 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും അതുവഴി 7.25 ലക്ഷം മെട്രിക് ടൺ ഉൽപാദനം കൈവരിക്കുകയും ചെയ്തു.

72500 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതുവഴി 11,60,000 മെട്രിക് ടൺ ഉൽപാദനം കൈവരിക്കുകയും ചെയ്തു.

നാളികേര വികസന പദ്ധതി പ്രകാരം 2016-17 വർഷം 13000 ഹെക്ടറും 2017-18 വർഷം 9930 ഹെക്ടറും തെങ്ങിൻതോട്ടങ്ങൾ സമഗ്ര പരിപാലനമുറകൾ നടപ്പിലാക്കി.

സുഗന്ധ വ്യഞ്ജന വിള വികസന പദ്ധതി പ്രകാരം 2016-17 ൽ 1174 ഹെക്ടറിലും 2017-18 ൽ 2150 ഹെക്ടറിലും കുരുമുളക് കൃഷി വ്യാപിപ്പിച്ചു. 680 ഹെക്ടറിൽ ഇഞ്ചി / മഞ്ഞൾ കൃഷിയും 200 ഹെക്ടർ സ്ഥലത്ത് ജാതി / ഗ്രാമ്പൂ കൃഷിയും വ്യാപിപ്പിച്ചു.

2017-18 വർഷത്തിൽ 489 ഹെക്ടർ സ്ഥലത്ത് പയർവർഗ്ഗ കൃഷിയും 825 ഹെക്ടർ

സ്ഥലത്ത് കിഴങ്ങു വർഗ്ഗ കൃഷിയും വ്യാപിപ്പിച്ചു.

2017-18 വർഷത്തിൽ 468 ഹെക്ടർ സ്ഥലത്ത് കരിമ്പ് കൃഷിയും 500 ഹെക്ടർ സ്ഥലത്ത് എള്ള് കൃഷിയും 69 ഹെക്ടർ സ്ഥലത്ത് നിലക്കടല കൃഷിയും വ്യാപിപ്പിച്ചു. കൂടാതെ ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹന പദ്ധതിയും നടപ്പിലാക്കി.

**സെക്ഷൻ ഓഫീസർ**

| അനുബന്ധം 1 | | | |
|---|---|---|---|
| പ്രധാന വിളകളുടെ വിസ്തീർണ്ണവും ഉത്പാദനവും (2015-16) | | | |
| ക്രമ നം. | ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) | ഉത്പാദനം (ടണ്ണിൽ) |
| 1 | നെല്ല്(വിരിപ്പ്) | 60418 | 160894 |
| 2 | നെല്ല്(മുണ്ടകൻ) | 89118 | 243675 |
| 3 | നെല്ല്(പുഞ്ച) | 47334 | 144706 |
| 4 | നെല്ല്(ആകെ) | 196870 | 549275 |
| 5 | ചോളം(ജോവർ) | 178 | 132 |
| 6 | റാഗി | 64 | 76 |
| 7 | മെയ്സ് | 59 | 74 |
| 8 | തിന/ ചാമ | 14 | 10 |
| 9 | ഗോതമ്പ് | 2 | 3 |
| 10 | മറ്റ് ധാന്യങ്ങൾ | 2 | ലഭ്യമല്ല |
| 11 | പെരും പയർ | 1241 | ലഭ്യമല്ല |
| 12 | ഉഴുന്ന് | 555 | ലഭ്യമല്ല |
| 13 | മുതിര | 112 | ലഭ്യമല്ല |
| 14 | ചെറുപയർ | 168 | ലഭ്യമല്ല |
| 15 | വൻപയർ | 1431 | 1845 |

| | | | |
|---|---|---|---|
| 16 | മറ്റ് പയർവർഗ്ഗങ്ങൾ | 257 | ലഭ്യമല്ല |
| 17 | കരിമ്പ് | 1361.59 | 13812.51 |
| 18 | പന | 2510 | |
| 19 | കുരുമുളക് | 85948 | 42132 |
| 20 | ഇഞ്ചി | 4986 | 22044 |
| 21 | മഞ്ഞൾ | 2603 | 7112 |
| 22 | ഏലം | 39730 | 19500 |
| 23 | കവുങ്ങ് | 99126 | 132453 |
| 24 | പുളി | 11550 | 39732 |
| 25 | മറ്റുളളവ | 1214 | ലഭ്യമല്ല |
| 26 | വാനില | 121 | ലഭ്യമല്ല |
| 27 | ഗ്രാമ്പൂ | 1082 | 78 |
| 28 | ജാതി | 21678 | 14902 |
| 29 | കറുവാപ്പട്ട | 122 | ലഭ്യമല്ല |
| 30 | വെളുത്തുള്ളി | 62 | 375 |
| 31 | പ്ലാവ് | 92969 | 285* |
| 32 | മാവ് | 79992 | 414544 |
| 33 | ഏത്തവാഴ | 59835 | 536155 |
| 34 | മറ്റ് വാഴ | 57683 | 411626 |

| | | | |
|---|---|---|---|
| 35 | കൈതച്ചക്ക | 7911 | 65482 |
| 36 | പപ്പായ | 19076 | 113075 |
| 37 | ഓറഞ്ച് | 351 | ലഭ്യമല്ല |
| 38 | നാരങ്ങ(വലുത്) | 590 | ലഭ്യമല്ല |
| 39 | നാരങ്ങ(ചെറുത്) | 665 | ലഭ്യമല്ല |
| 40 | മറ്റ് ഫലവർഗ്ഗങ്ങൾ | 11572 | ലഭ്യമല്ല |
| 41 | കശുമാവ് | 43090 | 24733 |
| 42 | മരച്ചീനി | 69405 | 2662610 |
| 43 | ചേന | 7143 | ലഭ്യമല്ല |
| 44 | ചേമ്പ് | 8085 | ലഭ്യമല്ല |
| 45 | കാച്ചിൽ | 1617 | ലഭ്യമല്ല |
| 46 | മധുരക്കിഴങ്ങ് | 279 | 3922 |
| 47 | കൂർക്ക | 1368 | ലഭ്യമല്ല |
| 48 | നനകിഴങ്ങ് | 251 | ലഭ്യമല്ല |
| 49 | മറ്റ് കിഴങ്ങുവർങ്ങൾ | 649 | ലഭ്യമല്ല |
| 50 | മുരിങ്ങ | 17135 | 16295 |
| 51 | ചീര | 1991 | ലഭ്യമല്ല |
| 52 | പാവൽ | 2623 | ലഭ്യമല്ല |
| 53 | പടവലം | 1178 | ലഭ്യമല്ല |

| | | | |
|---|---|---|---|
| 54 | വെണ്ട | 1415 | ലഭ്യമല്ല |
| 55 | വഴുതന | 1161 | ലഭ്യമല്ല |
| 56 | പച്ചമുളക് | 1707 | 1602 |
| 57 | ചുരയ്ക്ക | 273 | ലഭ്യമല്ല |
| 58 | കോവൽ | 1630 | ലഭ്യമല്ല |
| 59 | കുമ്പളം | 1041 | ലഭ്യമല്ല |
| 60 | മത്തൻ | 1471 | ലഭ്യമല്ല |
| 61 | വെള്ളരി | 1557 | ലഭ്യമല്ല |
| 62 | പയർ | 7695 | ലഭ്യമല്ല |
| 63 | ഉരുളക്കിഴങ്ങ് | 491 | 6581 |
| 64 | കാരറ്റ് | 1812 | ലഭ്യമല്ല |
| 65 | ബീറ്റ്റൂട്ട് | 2 | ലഭ്യമല്ല |
| 66 | കാബേജ് | 197 | ലഭ്യമല്ല |
| 67 | തക്കാളി | 612 | ലഭ്യമല്ല |
| 68 | കോളിഫ്ളവർ | 18 | ലഭ്യമല്ല |
| 69 | ബീൻസ് | 1625 | ലഭ്യമല്ല |
| 70 | ഉള്ളി | 27 | ലഭ്യമല്ല |
| 71 | മറ്റു പച്ചക്കറികൾ | 1063 | ലഭ്യമല്ല |
| 72 | നിലക്കടല | 449 | 619 |

| | | | |
|---|---|---|---|
| 73 | എള്ള് | 187 | 47.703 |
| 74 | തെങ്ങ് | 790223 | 5873** |
| 75 | സോയാബീൻ | 1 | 1 |
| 76 | മറ്റുള്ളവ | 780 | ലഭ്യമല്ല |
| 77 | പരുത്തി | 109 | 196*** |
| 78 | വെറ്റില | 333 | 12657 |
| 79 | പുകയില | 9 | 15 |
| 80 | ഇഞ്ചിപ്പുല്ല് | 129 | ലഭ്യമല്ല |
| 81 | തേയില | 30205 | 57898 |
| 82 | കാപ്പി | 84987 | 69230 |
| 83 | റബ്ബർ | 550840 | 438630 |
| 84 | കൊക്കോ | 13924 | 15349 |

*ദശലക്ഷം എണ്ണം

**ദശലക്ഷം നാളീകേരം

***170 കിലോ വീതമുള്ള കെട്ടുകളുടെ എണ്ണം

സ്രോതസ്സ് : സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച കാർഷിക സ്ഥിതി വിവരകണക്ക് 2015- 16 റിപ്പോർട്ട്

സെക്ഷൻ ഓഫീസർ

| അനുബന്ധം 2 | | | |
|---|---|---|---|
| പ്രധാന വിളകളുടെ വിസ്തീർണ്ണവും ഉത്പാദനവും(2016- 17) | | | |
| ക്രമ നം. | ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) | ഉത്പാദനം (ടണ്ണിൽ) |
| 1 | നെല്ല്(വിരിപ്പ്) | 56601 | 167181 |
| 2 | നെല്ല്(മുണ്ടകൻ) | 72253 | 141397 |
| 3 | നെല്ല്(പുഞ്ച) | 42544 | 127905 |
| 4 | നെല്ല്(ആകെ) | 171398 | 436483 |
| 5 | ചോളം(ജോവർ) | 140 | 110 |
| 6 | റാഗി | 33 | 42 |
| 7 | മെയ്സ് | 65 | 68 |
| 8 | തിന/ ചാമ | 9 | 6 |
| 9 | ഗോതമ്പ് | 1 | 1 |
| 10 | മറ്റ് ധാന്യങ്ങൾ | 2 | ലഭ്യമല്ല |
| 11 | വൻപയർ | 176 | 278 |
| 12 | മറ്റ് പയർവർഗ്ഗങ്ങൾ | 1562 | 1433 |
| 13 | കരിമ്പ് | 1062.502 | 11313 |
| 14 | പന | 2300 | ലഭ്യമല്ല |
| 15 | കുരുമുളക് | 85207 | 34065 |

| | | | |
|---|---|---|---|
| 16 | ഇഞ്ചി | 5151 | 20478 |
| 17 | മഞ്ഞൾ | 2632 | 6506 |
| 18 | ഏലം | 39080 | 17147 |
| 19 | കവുങ്ങ് | 97696 | 116839 |
| 20 | പുളി | 11549 | 37498 |
| 21 | വാനില | 120 | ലഭ്യമല്ല |
| 22 | ഗ്രാമ്പൂ | 1068 | 77 |
| 23 | ജാതി | 22065 | 13746 |
| 24 | കറുവാപ്പട്ട | 113 | ലഭ്യമല്ല |
| 25 | വെളുത്തുള്ളി | 77 | 380 |
| 26 | മറ്റുള്ളവ | 1372 | ലഭ്യമല്ല |
| 27 | പ്ളാവ് | 91982 | 281* |
| 28 | മാവ് | 79496 | 420048 |
| 29 | ഏത്തവാഴ | 57158 | 489322 |
| 30 | മറ്റ് വാഴ | 57140 | 395806 |
| 31 | കൈതച്ചക്ക | 8045 | 65978 |
| 32 | പപ്പായ | 19694 | 116262 |
| 33 | ഓറഞ്ച് | 363 | ലഭ്യമല്ല |
| 34 | നാരങ്ങ(വലുത്) | 575 | ലഭ്യമല്ല |

| | | | |
|---|---|---|---|
| 35 | നാരങ്ങ(ചെറുത്) | 652 | ലഭ്യമല്ല |
| 36 | മറ്റ് ഫലവർഗ്ഗങ്ങൾ | 12105 | ലഭ്യമല്ല |
| 37 | കശുമാവ് | 41661 | 27944 |
| 38 | മരച്ചീനി | 68664 | 2529729 |
| 39 | ചേന | 6814 | ലഭ്യമല്ല |
| 40 | ചേമ്പ് | 7691 | ലഭ്യമല്ല |
| 41 | കാച്ചിൽ | 1595 | ലഭ്യമല്ല |
| 42 | മധുരക്കിഴങ്ങ് | 220 | 3086 |
| 43 | കൂർക്ക | 1317 | ലഭ്യമല്ല |
| 44 | നനകിഴങ്ങ് | 239 | ലഭ്യമല്ല |
| 45 | മറ്റ് കിഴങ്ങുവർങ്ങൾ | 586 | ലഭ്യമല്ല |
| 46 | മുരിങ്ങ | 17856 | 17079 |
| 47 | ചീര | 2061 | ലഭ്യമല്ല |
| 48 | പാവൽ | 2759 | ലഭ്യമല്ല |
| 49 | പടവലം | 1146 | ലഭ്യമല്ല |
| 50 | വെണ്ട | 1566 | ലഭ്യമല്ല |
| 51 | വഴുതന | 1231 | ലഭ്യമല്ല |
| 52 | പച്ചമുളക് | 1721 | 1616 |
| 53 | ചുരയ്ക്ക | 191 | ലഭ്യമല്ല |

| | | | |
|---|---|---|---|
| 54 | കോവൽ | 1643 | ലഭ്യമല്ല |
| 55 | കുമ്പളം | 974 | ലഭ്യമല്ല |
| 56 | മത്തൻ | 1371 | ലഭ്യമല്ല |
| 57 | വെള്ളരി | 1410 | ലഭ്യമല്ല |
| 58 | പയർ | 7150 | ലഭ്യമല്ല |
| 59 | ഉരുളക്കിഴങ്ങ് | 556 | 8823 |
| 60 | കാരറ്റ് | 1686 | ലഭ്യമല്ല |
| 61 | ബീറ്റ്റൂട്ട് | 1 | ലഭ്യമല്ല |
| 62 | കാബേജ് | 197 | ലഭ്യമല്ല |
| 63 | തക്കാളി | 437 | ലഭ്യമല്ല |
| 64 | കോളിഫ്ളവർ | 20 | ലഭ്യമല്ല |
| 65 | ബീൻസ് | 1644 | ലഭ്യമല്ല |
| 66 | ഉള്ളി | 31 | ലഭ്യമല്ല |
| 67 | മറ്റു പച്ചക്കറികൾ | 1081 | ലഭ്യമല്ല |
| 68 | നിലക്കടല | 358 | 505 |
| 69 | എള്ള് | 178.696 | 59.938 |
| 70 | തെങ്ങ് | 781496 | 5384** |
| 71 | മറ്റുള്ളവ | 2294 | ലഭ്യമല്ല |
| 72 | പരുത്തി | 80 | 120*** |

| | | | |
|---|---|---|---|
| 73 | വെറ്റില | 261 | 10690 |
| 74 | പുകയില | 12 | 18 |
| 75 | ഇഞ്ചിപ്പുല്ല് | 143 | ലഭ്യമല്ല |
| 76 | തേയില | 30205 | 61505 |
| 77 | കാപ്പി | 84976 | 63476 |
| 78 | റബ്ബർ | 551050 | 540400 |
| 79 | കൊക്കോ | 14404 | 12867 |

*ദശലക്ഷം എണ്ണം

**ദശലക്ഷം നാളീകേരം

***170 കിലോ വീതമുള്ള കെട്ടുകളുടെ എണ്ണം

സ്രോതസ്സ് : സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച കാർഷിക സ്ഥിതി വിവരകണക്ക് 2016- 17 റിപ്പോർട്ട്

## അനുബന്ധം -3

| സാമ്പത്തിക വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക | | | ചെലവഴിച്ച തുക | | | ലഭ്യമായ കേന്ദ്ര സഹായം (ലക്ഷത്തിൽ) |
|---|---|---|---|---|---|---|---|
| | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | ആകെ | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | ആകെ | |
| 2016-17 | 14200 | 21685.01 | 35885.01 | 10887.086 | 16970.51 | 27857.596 | 16970.51 |
| 2017-18 | 15638 | 23458 | 39096 | 10167.12 | 15154.03 | 25321.15 | 15343 |

സെക്ഷൻ ഓഫീസർ